# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1768** **04.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## <u>സ്വകാര്യ പണമിടപാട്ട സ്ഥാപനങ്ങളെ നിയന്ത്രിക്കൽ</u>

| | <u>ചോദ്യം</u><br>ശ്രീ.പി.കെ. ശശി | | <u>മറുപടി</u><br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്വകാര്യ പണമിടപാട്ട സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും ഇടപാടുകാരെ ചൂഷണം ചെയ്യുന്നതു തടയുവാനും ഇവരുടെ പ്രവർത്തനം സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമാക്കാനും എന്തെങ്കിലും നടപടിക്രമങ്ങളോ അധികാരങ്ങളോ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായി ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ)<br>&<br>(ബി) | കേരളത്തിലെ സ്വകാര്യ പണമിടപാട്ട സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് കേരള മണിലെൻഡേഴ്സ് ആക്ട്, 1958 നിലവിലുണ്ട്. കേരള മണിലെൻഡേഴ്സ് ആക്ടിന്റെ വകുപ്പ് 3(1) പ്രകാരം എല്ലാ മണിലെൻഡർമാരും ടി നിയമത്തിൻ കീഴിൽ ലൈസൻസ് എടുക്കേണ്ടതാണ്.<br>ടി ആക്ടിന്റെ വകുപ്പ് 7(1) പ്രകാരം ഒരു മണിലെൻഡറും ഒരു ലോണിനും കമേഴ്സ്യൽ ബാങ്കുകൾ ഈടാക്കുന്ന പരമാവധി പലിശ നിരക്കിൽ നിന്നും രണ്ട് ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുവാൻ പാടുള്ളതല്ല. കേരള മണിലെൻഡേഴ്സ് ആക്ട് വകുപ്പ് 18 ഡി(1) പ്രകാരം ഒരു മണിലെൻഡർ 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ പലിശ ഈടാക്കിയതായി ലൈസൻസിംഗ് അതോറിറ്റിക്ക് ബോധ്യപ്പെട്ടാൽ അപ്രകാരം അധികമായി ഈടാക്കിയ തുക കണ്ടുകെട്ടുകയും, ആ മണിലെൻഡർക്കുമേൽ അയാൾ ഈടാക്കിയ പലിശയുടെ മൂന്ന് മടങ്ങിൽ അധികരിക്കാത്ത തുക പിഴയും ചുമത്താവുന്നതാണ്. അപ്രകാരം കണ്ടുകെട്ടിയ തുക വായ്പ എടുത്ത ആൾക്ക് തിരികെ നൽകുവാനും വ്യവസ്ഥയുണ്ട്. കേരള മണിലെൻഡേഴ്സ് ആക്ട്, 1958 ന്റെ 12-ാം വകുപ്പ് പ്രകാരം ടി നിയമത്തിലെ 13,17,18 എ, 18 ബി എന്നിവയിൻ കീഴിൽ വരുന്ന നിയമലംഘനങ്ങൾ കോഗ്നൈസബിൾ ആയവയാണ്. വായ്പ എടുത്ത ആളിനെ പീഡിപ്പിക്കുക (വകുപ്പ് 13), ലൈസൻസ് ഇല്ലാതെയോ, ലൈസൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ പ്രവർത്തിക്കുക (വകുപ്പ് 17), വകുപ്പ് |
| (ബി) | കേരള മണി ലെന്റേഴ്സ് ആക്ട് 1958, ഇതിനു പര്യാപ്തമാണോ എന്നും അല്ലെങ്കിൽ സംസ്ഥാനത്തു പ്രവർത്തനം നടത്തുന്ന എല്ലാ സ്വകാര്യ പണമിടപാട്ട സ്ഥാപനങ്ങളേയും നിയന്ത്രണത്തിൽ കൊണ്ടുവരുവാനായി 1958 ലെ ആക്ട് കാലോചിതമായി പരിഷ്കരിക്കുന്നത് പരിഗണിക്കുമോ; | | |

18 എ, 18 ബി എന്നിവയിൽ പ്രസ്താവിച്ചിട്ടുള്ള വിവധ തരം ലംഘനങ്ങൾ എന്നിവ പോലീസിന് വാറണ്ട് ഇല്ലാതെ അറസ്റ്റ് ചെയ്യാവുന്ന കുറ്റങ്ങളാണ്.

കേരള സംസ്ഥാനത്ത് അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നത് നിരോധിക്കുന്നതിനും, പണം കടം കൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതിന് കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്നതുമായ 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ആക്ട് എന്ന നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന നിയമം വകുപ്പ് 3 പ്രകാരം യാതൊരാളും അയാൾ നൽകുന്ന ഏതെങ്കിലും വായ്പയിന്മേൽ അമിത പലിശ ഈടാക്കാൻ പാടില്ലാത്തതാകുന്നു. വകുപ്പ് 4 പ്രകാരം "ഈ ആക്റ്റ് പ്രകാരമുള്ള ഏതൊരു കുറ്റവും കോഗ്നൈസബിളും ജാമ്യം കൊടുക്കാവുന്നതല്ലാത്തതും ആയിരിക്കുന്നതാണ്." ഈ നിയമത്തിൻ കീഴിൽ നടപടി സ്വീകരിക്കേണ്ടത് പോലീസ് ആണ്.

വ്യാജ പണമിടപാട് പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരം കൈമാറുന്നതിനും, കേന്ദ്ര സംസ്ഥാന സർക്കാർ എജൻസികൾക്കിടയിൽ നിയന്ത്രണ മേൽനോട്ട സഹകരണം ശക്തിപ്പെടുത്തുന്നതിനും വേണ്ടി സെബിയുടെ ദക്ഷിണ റീജിയണൽ മാനേജർ, കേന്ദ്ര കമ്പനി കാര്യ വകുപ്പിന്റെ ഒരു പ്രതിനിധി, വാണിജ്യ നികുതി വകുപ്പ് കമ്മീഷണർ, പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ/നോമിനി, രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ, ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ, സംസ്ഥാന ധനകാര്യ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ എന്നിവർ ഉൾപ്പെട്ട ഒരു സംസ്ഥാനതല കമ്മിറ്റി 22/02/13 ലെ സർക്കാർ ഉത്തരവ് (ആർടി) നമ്പർ 155/2013/ടിഡി പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിലേക്കായി 2013 ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താത്പര്യ സംരക്ഷണ നിയമം എന്ന സമഗ്ര നിയമം പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള മണിലെൻഡേഴ്സ് ആക്ട്, 1958 ന് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ 5 വർഷക്കാലയളവിൽ ജനങ്ങളെ പറ്റിച്ച് അപ്രത്യക്ഷമായ എത്ര സ്വകാര്യ പണമിടപാട്ട സ്ഥാപനങ്ങൾ ഉണ്ട്; ഇവരിൽ എത്രസ്ഥാപനങ്ങൾ ക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ? | (സി) | കഴിഞ്ഞ 5 വർഷക്കാലയളവിൽ ജനങ്ങളെ പറ്റിച്ച് അപ്രത്യക്ഷമായതായി റിപ്പോർട്ട് ചെയ്ത 385 സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഉണ്ട്. 385 സ്ഥാപനങ്ങൾക്കെതിരെയും പോലീസ് വകുപ്പ് നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.